LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തൈറോയ്ഡ് രോഗം

78 (4362) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് തൈറോയ്ഡ് രോഗം നിയന്ത്രണാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ രോഗം പടർന്നു പിടിക്കുന്നതിനുള്ള കാര്യകാരണങ്ങൾ വിശദീകരിക്കാമോ ;

(സി) ഇത് സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(ഡി) ഇതിനകം സംസ്ഥാനത്ത് തൈറോയ്ഡ് രോഗം കണ്ടെത്തിയ എത്രപേർ സർക്കാർ - സ്വകാര്യ ആശുപത്രികളെ ആശ്രയിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അയോഡിന്റെ കുറവുമൂലവും തൈറോയ്ഡ് ഗ്രന്ഥിക്കെതിരെയുള്ള ശരീരത്തിന്റെ പ്രതിപ്രവർത്തനംമൂലവുമാണ് രോഗം കൂടുതലായി കണ്ടുവരുന്നത്.

(സി) ഉണ്ട്. സ.ഉ.(സാധാ)നമ്പർ 2879/2013/ആകുവ തീയതി 17-8-2013 പ്രകാരം 4 ജില്ലകളിൽ ഗോയിറ്റർ സർവ്വേ നടത്തുന്നതിന് രണ്ടുലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

(ഡി) തൈറോയ്ഡ് രോഗം കണ്ടെത്തിയ എത്രപേർ സർക്കാർ-സ്വകാര്യ ആശുപത്രികളെ ആശ്രയിച്ചുവെന്നത് സംബന്ധിച്ച കണക്കുകൾ സർക്കാരിൽ ലഭ്യമല്ല.

നഴ്സുമാരുടെ സ്ഥാനക്കയറ്റത്തിനുള്ള അനുപാതം

79 (4363) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സർക്കാർ ആശുപത്രികളിലെ നഴ്സുമാരുടെ സ്ഥാനക്കയറ്റത്തിനുള്ള അനുപാതം പുനർനിർണ്ണയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പുതിയ അനുപാതം ഏത് രീതിയിലാണ് നിശ്ചയിക്കപ്പെട്ടത് ;

(സി) പല സർക്കാർ ആശുപത്രികളിലും നഴ്സിംഗ് സ്റ്റാഫിന്റെ കുറവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഹെഡ് നഴ്സ്മാരായി സ്ഥാനക്കയറ്റം ലഭിച്ചവർക്ക് സർവ്വീസ് ആനുകൂല്യം നിഷേധിക്കപ്പെടുന്ന അവസ്ഥയ്ക്ക് കാരണമെന്താണ്;

(ഇ) പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് എന്തെങ്കിലും തടസ്സവാദങ്ങൾ ഉന്നയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1:1

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സർവ്വീസ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഇ) ഹെഡ് നഴ്സിന്റെയും സ്റ്റാഫ് നഴ്സ് ഗ്രേഡ്-I, ഗ്രേഡ്-II എന്നിവരുടെ അനുപാതം 1:2:2 എന്ന നിലയിൽ നിലനിർത്തുന്നതിനുള്ള നിർദ്ദേശം അടങ്ങിയ ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ജെറിയാട്രിക് ക്ലിനിക്

80 (4364) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ജെറിയാട്രിക് ക്ലിനിക് പ്രവർത്തനത്തിനായി എത്ര രൂപയാണ് ഇതിനോടകം ലഭിച്ചത് എന്നും വിനിയോഗിച്ചത് എന്നും പറയാമോ; ഇതിന്റെ വിശദമായ കണക്ക് ലഭ്യമാക്കുമോ;

(ബി) ചേർത്തല താലൂക്ക് ആശുപത്രിയിലെ ജെറിയാട്രിക് ക്ലിനിക്ക് പ്രവർത്തിക്കുന്നതെവിടെയാണെന്നും അതിന്റെ ചുമതലയുള്ള ജീവനക്കാർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ വാർഡ് പ്രവർത്തനയോഗ്യമാക്കുന്നതിന് 2013-14 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ 94,973 രൂപ ചെലവാക്കിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly